**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2921** **14-09-2023 - ൽ മറുപടിയ്ക്ക്**

**ആധാരങ്ങളുടെ ഡിജിറ്റലൈസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സംരക്ഷണത്തിന് ആധാരങ്ങൾ ഡിജിറ്റലൈസേഷൻ ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ എത്രത്തോളമായിയെന്ന് അറിയിക്കുമോ? | (എ) | രജിസ്ട്രേഷൻ വകുപ്പിലെ പഴയ രജിസ്റ്റർ വാല്യങ്ങളുടെ സംരക്ഷണത്തിനും അവ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിലേക്കുമായുള്ള അനശ്വര പദ്ധതി 2018-2019-ൽ ആണ് ആരംഭിച്ചത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പത്തനംതിട്ട ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും വളരെ പഴയതും പൊടിഞ്ഞുപോയതും ഒഴികെയുള്ള രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുകയുണ്ടായി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ 2005 മുതലുള്ള രജിസ്റ്റർ വാല്യങ്ങളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കുകയും 2005 ന് മുമ്പുള്ള രജിസ്റ്റർ വാല്യങ്ങളുടെ ജോലികൾ പുരോഗമിച്ചുവരികയും ആണ്. ഇതോടൊപ്പം തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ കൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 06.01.2021 തീയതിയിൽ സി-ഡിറ്റിന് വർക്ക് ഓർഡർ നൽകുകയും ഈ ജില്ലകളിലും പദ്ധതി പ്രവർത്തനം പുരോഗമിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ